മൾബറി കൃഷിക്കും പട്ടുനൂൽപ്പുഴു വളർത്തലിനും ഇൻഷ്വറൻസ് പരിരക്ഷ

*7 [T307] ശ്രീ. പി. ടി. തോമസ് :
,, അടൂർ പ്രകാശ് :
,, ഇ. എം. അഗസ്തി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൾബറി കൃഷിക്കും പട്ടുനൂൽ വളർത്തലിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം കമ്പനികളാണ് ഈ രംഗത്ത് ഇൻഷ്വറൻസ് ബിസിനസ് നടത്തുന്നത്;

(സി) ഇതിന്റെ പ്രീമിയവും നഷ്ടപരിഹാരമായി ലഭിക്കുന്ന തുകയും എത്ര വീതമാണ്;

(ഡി) ഈ രംഗത്തെ ഇൻഷ്വറൻസിനുവേണ്ടി കർഷകർ മുടക്കുന്ന തുക ഗവൺമെന്റ് റീ-ഇംപേഴ്സ് ചെയ്തു കൊടുക്കുമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) പട്ടുനൂൽപ്പുഴു വളർത്തലിനും ഇതിലേർപ്പെടുന്ന കർഷകനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നുണ്ട്.

(ബി) ബജാജ് അലിയാൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി.

(സി) 100 അണ്ഡ ശേഖരത്തിന്റെ (ഡി. എഫ്. എൽ.) പ്രീമിയം 144 രൂപയാണ്. പട്ടുനൂൽപ്പുഴുവിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ താഴെപ്പറയുന്ന വിധത്തിൽ നഷ്ടപരിഹാരം നൽകുന്നു:

വളർച്ചയുടെ ഘട്ടം	*നഷ്ടപരിഹാര തുക (100 അണ്ഡ ശേഖരം)*
അണ്ഡശേഖരം	200 രൂപ
1-ാം ഘട്ടം (3 ദിവസത്തെ വളർച്ച)	300 ,,
2-ാം ഘട്ടം (5½ ദിവസം)	400 ,,
3-ാം ഘട്ടം (8½ ,,)	600 ,,
4-ാം ഘട്ടം (13 ,,)	1000 ,,
5-ാം ഘട്ടം (18 ,,)	2400 ,,
കൊക്കൂൺ (24 ,,)	2600 ,,

Tമാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അണ്ഡശേഖരങ്ങളുടെ എണ്ണത്തിന് ആനുപാതികമായി നഷ്ടപരിഹാര തുകയ്ക്ക് വ്യതിയാനം ഉണ്ടാകുന്നതാണ്. 25 അണ്ഡശേഖരങ്ങളിൽ താഴെ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നില്ല.

കർഷകർക്കുള്ള ഇൻഷ്വറൻസ് പ്രീമിയം 31 രൂപയാണ്. മരണം സംഭവിച്ചാൽ 50,000 രൂപയും സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ 62,500 രൂപയുമാണ് നഷ്ട പരിഹാരത്തുക.

(ഡി) പ്രീമിയം തുകയുടെ 40% കേന്ദ്ര സിൽക്ക് ബോർഡും 40% സംസ്ഥാന സർക്കാരും 20% കർഷകനും നൽകണമെന്നതാണ് ഇതു സംബന്ധിച്ചുള്ള വ്യവസ്ഥ.

പട്ടണങ്ങളിലേയും നഗരങ്ങളിലേയും മലിനജലം മാലിന്യവിമുക്തമാക്കാനുള്ള പദ്ധതികൾ

*8 [308] പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടണങ്ങളിലേയും നഗരങ്ങളിലേയും മലിനജലം മാലിന്യവിമുക്തമാക്കാനുള്ള എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്;

(ബി) സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലേയും മുനിസിപ്പാലിറ്റി കളിലേയും മലിനജലം എവിടേയ്ക്കാണ് ഒഴുക്കിക്കളയുന്നത്;

(സി) അവ ഒഴുക്കിക്കളയുന്നതിനുമുമ്പ് ട്രീറ്റ് ചെയ്ത് അതിലെ മാലിന്യം നീക്കംചെയ്യാറുണ്ടോ;

(ഡി) ഇതിന് ഗവൺമെന്റും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) സംസ്ഥാനത്തെ പട്ടണങ്ങളിലേയും നഗരങ്ങളിലേയും മലിനജലം മാലിന്യവിമുക്തമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ബി) കേരളാ വാട്ടർ അതോറിറ്റിയുടെ സിവറേജ് സിസ്റ്റം നിലവിലുള്ള സ്ഥലങ്ങളിൽ അതിൽ കൂടി മലിനജലം നിർദ്ദിഷ്ട സ്ഥലങ്ങളിലേക്ക് ഒഴുക്കിവിടുന്നു.

LIBRARY ARCHIVES Kerala Legislative Assembly